**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 306** **17-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥി സംഘട്ടനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | താമരശ്ശേരിയിൽ വിദ്യാർത്ഥികൾ തമ്മിൽ നടന്ന സംഘട്ടനത്തിൽ ഷഹബാസ് എന്ന വിദ്യാർത്ഥി മരിക്കാനിടയായ സംഭവത്തിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്ന തിരിച്ചറിഞ്ഞിട്ടുണ്ടോ; അറിയിക്കുമോ; | (എ) | താമരശ്ശേരിയിൽ ട്യൂഷൻ സെന്ററിൽ ഉണ്ടായ പ്രശ്നങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്ന വിദ്യാർത്ഥി മരണപ്പെട്ട സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസിൽ നിയമവുമായി പൊരുത്തപ്പെടാത്ത 6 കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ജുവനൈൽ ജസ്റ്റിസ് കോടതി മുമ്പാകെ പോലീസ് ഹാജരാക്കിയ ഇവരെ കോഴിക്കോട് ജില്ലാ ഒബ്സർവേഷൻ ഹോമിൽ പാർപ്പിക്കാൻ ഉത്തരവായിട്ടുള്ളതാണ് |
| (ബി) | ഇവർക്കെതിരെ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഘട്ടനത്തിൽ ബാഹ്യ ഇടപെടൽ നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | കേസ് അന്വേഷണാവസ്ഥയിലാണ് . |
| (ഡി) | വിദ്യാർത്ഥികൾ ചേരിതിരിഞ്ഞ് ഏറ്റുമുട്ടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | കുട്ടികളിൽ വർദ്ധിച്ചു വരുന്ന ആക്രമണോത്സുകത അതീവ ഗുരുതരമായ ഒരു വിഷയമായാണ് സർക്കാർ കാണുന്നത്. ഒറ്റപ്പെട്ടതെങ്കിലും ഗൗരവമേറിയ ഇത്തരം അക്രമ സംഭവങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമനടപടികളും സർക്കാർ കൈക്കൊണ്ടു വരുന്നു.<br><br>അതോടൊപ്പം കുട്ടികളുടെ അക്രമ വാസന പടരുന്നതിനെക്കുറിച്ച് ഐക്യ രാഷ്ട്രസഭ പോലും ഉത്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ള ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും വിലയിരുത്തപ്പെടണം. അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥതപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം.<br><br>വീട്ടിലെ മുറി എന്ന പെട്ടിയിൽ നിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേക്കും അതിൽ നിന്നു ക്ലാസ്സുറി എന്ന |

| | | | |
|---|---|---|---|
| | | | പെട്ടിയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷൻ ആവുന്നു. അതിൽ നിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു.<br><br>അധ്യാപകനും വിദ്യാർത്ഥിയും തമ്മിലും രക്ഷകർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ തുടങ്ങി കാരണങ്ങൾ പലതുണ്ട്.<br><br>മയക്കുമരുന്നു തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചു നീക്കുക തന്നെ വേണം. കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ ഒരുമയാണിവിടെ ആവശ്യം.<br><br>സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള ക്യാമ്പസിനു മാത്രമേ അരാജക പ്രവണതകളെ തടയാനാവുകയുള്ളൂ. അതിന് ക്യാമ്പസ്സുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തു തന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർത്ഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട്, ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്.<br><br>സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയും.<br><br>എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈ എടുക്കും.<br><br>ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർത്ഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി തയ്യാറാക്കും. |

സെക്ഷൻ ഓഫീസർ